**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2781** **13-10-2021 - ൽ മറുപടിയ്ക്ക്**

**വനപ്രദേശങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന പ്രവണത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനപ്രദേശങ്ങളിൽ വൻതോതിൽ മാലിന്യം നിക്ഷേപിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വനപ്രദേശങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ വനത്തിലൂടെ കടന്നു പോകുന്ന റോഡുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന 121-ഓളം സ്ഥലങ്ങളെ മാപ്പ് ചെയ്തിട്ടുണ്ട് (പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു). |
| (ബി) | നിലവിലെ വനനിയമ പ്രകാരം വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നടപടി സ്വീകരിക്കാൻ പര്യാപ്തമല്ലാത്തതിനാൽ 1961 ലെ കേരള വനനിയമം സെക്ഷൻ 27ൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ? വിശദമാക്കാമോ; | (ബി) | നിലവിലെ വനനിയമം വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നടപടി സ്വീകരിക്കാൻ പര്യാപ്തമല്ലാത്തതിനാൽ 1961-ലെ കേരള വനനിയമം സെക്ഷൻ 27-ൽ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | നിലവിൽ നിക്ഷേപിക്കപ്പെട്ട മാലിന്യം നീക്കംചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ? | (സി) | കേരളത്തിലെ വനത്തിലൂടെ കടന്നുപോകുന്ന റോഡുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന 121-ഓളം സ്ഥലങ്ങളെ മാപ്പ് ചെയ്തിട്ടുണ്ട്. പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് പദ്ധതി വഴി വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ മുഖേന ടി സ്ഥലങ്ങളിൽ നിക്ഷേപിക്കപ്പെട്ട മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി ഖരം, ജൈവം, പ്ലാസ്റ്റിക് എന്നിങ്ങനെ തരം തിരിക്കുന്നു. ഇങ്ങനെ തരം തിരിച്ചവയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ അതാത് പഞ്ചായത്തുകൾക്ക് കൈമാറുകയും ബാക്കിയുള്ളവ ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്യുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, ടൂറിസം വകുപ്പ്, പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റ് സർക്കാർ വകുപ്പുകളുടെ സഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി പ്രകാരം വനം വകുപ്പ് വനമേഖലയിൽ നിന്നും 31.08.2021 വരെ 1875 ടൺ മാലിന്യം നീക്കം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കേരളത്തിലെ വനത്തിലൂടെ കടന്നു പോകുന്ന റോഡുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സ്ഥലങ്ങൾ മാപ്പ് ചെയ്തതിന്റെ പട്ടിക

| ക്രമ നമ്പർ | സർക്കിളിന്റെ പേര് | ഡിവിഷൻ | മാലിന്യ നിക്ഷേപം കണ്ടെത്തിയ സ്ഥലങ്ങളുടെ എണ്ണം |
|---|---|---|---|
| 1. | സതേൺ സർക്കിൾ, കൊല്ലം | തിരുവനന്തപുരം | 12 |
| 2. | | തെന്മല | 8 |
| 3. | | പുനലൂർ | 6 |
| 4. | | കോന്നി | 2 |
| 5. | | റാന്നി | 11 |
| **ആകെ** | | | **39** |
| 6. | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | കോട്ടയം | 13 |
| 7. | | കോതമംഗലം | 5 |
| 8. | | മൂന്നാർ | 16 |
| **ആകെ** | | | **34** |
| 9. | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | മലയാറ്റൂർ | 2 |
| 10. | | ചാലക്കുടി | 11 |
| 11. | | തൃശ്ശൂർ | 5 |
| **ആകെ** | | | **18** |
| 12. | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | നിലമ്പൂർ നോർത്ത് | 7 |
| 13. | | മണ്ണാർക്കാട് | 1 |
| 14. | | പാലക്കാട് | 6 |
| 15. | | നെന്മാറ | 1 |
| **ആകെ** | | | **15** |
| 16. | നോർത്തേൺ സർക്കിൾ | കോഴിക്കോട് | 14 |
| **ആകെ** | | | **14** |
| 17. | വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | പീച്ചി | 1 |
| **ആകെ** | | | **1** |
| **ആകെ** | | | **121** |